പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *156 06.02.2019 ൽ മറുപടിക്ക്

## കേരളത്തിലെ വിമാനത്താവളങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, റ്റി.വി.രാജേഷ്<br>,, കെ.കുഞ്ഞിരാമൻ<br>,, എ. പ്രദീപ്കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഉത്തര കേരളത്തിന്റെ വികസന സ്വപ്ന സാക്ഷാൽക്കാരമായ കണ്ണൂർ വിമാനത്താവളത്തിൽ നിന്നും രാജ്യത്തെ പ്രധാന നഗരങ്ങളിലേക്കും പ്രവാസികൾക്ക് പ്രയോജനപ്രദമായി ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്കും വിമാന സർവീസ് ആരംഭിക്കുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തുമോ; | (എ) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും രാജ്യത്തെ പ്രധാന നഗരങ്ങളിലേക്കും വിദേശത്തേയ്ക്കും വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോ എയർ, എയർ ഇന്ത്യ, ഇൻഡിഗോ എന്നിവ ആഭ്യന്തര, രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.<br>മേൽ വിമാന കമ്പനികൾക്ക് പുറമേ സ്പൈസ് ജെറ്റ്, എയർ ഏഷ്യ ഇന്ത്യ , എമറേറ്റ്സ്, ഗൾഫ് എയർ, കുവൈറ്റ് എയർ വൈസ്, സൗദിയ, ഖത്തർ എയർവേയ്സ്, ഒമാൻ എയർ, സിൽക്ക് എയർ, മലിന്റോ എയർ, എയർ അറേബ്യ, ശ്രീലങ്കൻ എയർ വൈസ് തുടങ്ങിയ വിമാന കമ്പനികൾ കണ്ണൂരിൽ നിന്നും സർവ്വീസ് നടത്തുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചർച്ച നടന്നുവരികയാണ്. |
| (ബി) സംസ്ഥാനം വൻതുക മുടക്കിയിട്ടുള്ള തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയും വിമാനത്താവളം സംസ്ഥാനം തന്നെ ഏറ്റെടുക്കാമെന്ന ആവശ്യത്തോടും ലേലത്തിൽ ആദ്യ പരിഗണന നൽകണമെന്ന ആവശ്യത്തോടും കേന്ദ്ര സർക്കാർ നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അനുകൂല നിലപാട് ഉണ്ടാകാത്തതിനാൽ സംസ്ഥാന സർക്കാർ |

സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും, ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്. ബിഡിനുള്ള നടപടി ക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിലേക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സിയും ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) കോഴിക്കോട് വിമാനത്താവളത്തോടുള്ള കേന്ദ്ര അവഗണന തിരുത്തിക്കാനായി സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ? | (സി) മംഗലാപുരം വിമാനത്താവളത്തിലെ അപകടത്തിന് ശേഷം ടേബിൾ ടോപ്പ് വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് അന്താരാഷ്ട്ര വിമാന സർവ്വീസുകളുടെ എണ്ണം സുരക്ഷാ കാരണങ്ങളാൽ കുറവ് വരുത്തിയിരുന്നു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങളും നിബന്ധനകളും പാലിക്കുന്നതിന് വിമാനത്താവളത്തിലെ ബേസിക് സ്ലിപ്പിൽ സ്ഥിതി ചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ നിലവിലുള്ള റൺവേയുടെ ദൈർഘ്യം, പാരലൽടാക്സിവേ, റൺവേ എൻഡ് സേഫ്റ്റി ഏരിയ എന്നിവ നിയമാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br><br>കരിപ്പൂർ വിമാനത്താവളത്തിൽ ജംബോ വിമാനങ്ങൾ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ബോയിംഗ് 777-200 |

പോലുള്ള വിമാനങ്ങൾ ഇറങ്ങാൻ ഉതകുന്ന തരത്തിൽ Runway End Safety Area (RESA) യുടെ ദൈർഘ്യം 90 മീറ്ററിൽ നിന്ന് 240 മീറ്ററായി വർദ്ധിപ്പിക്കുകയും ലൈറ്റിംഗ് അറൈഞ്ച്മെന്റ്സ് സ്ഥാപിക്കുകയും ചെയ്തു.

കോഡ് ഇ ശ്രേണിയിൽപ്പെട്ട വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്. ഈ വർഷം മുതൽ കരിപ്പൂർ വിമാനത്താവളത്തെ ഹജ്ജ് എംപാർക്കേഷൻ പോയിന്റായി പുനസ്ഥാപിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എമറേറ്റ്സ്, എയർ ഇന്ത്യ എന്നീ വിമാന കമ്പനികൾക്ക് വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള വിമാന സർവ്വീസ് നടത്തുന്നതിനാവശ്യമായ അനുമതി കേന്ദ്ര വ്യോമയാന വകുപ്പ് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്ക് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഒരേ സമയം 5000 പേരെ ഉൾക്കൊള്ളുന്നതിന് സാധിക്കും.

റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത ശുപാർശ പുന:സമർപ്പിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശുപാർശ സമർപ്പിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാനോടും, എയർപോർട്ട് ഡയറക്ടർ കോഴിക്കോടിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ